നമ്പർ സി1/24127/2013/ഡി.റ്റി.ഇ

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്
ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം
തീയതി: 11-07-2013

# സർക്കുലർ

വിഷയം;- സാങ്കേതിക വിദ്യാഭ്യാസം - പ്രാദേശികാവധി - വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് നൽകുന്നത - സംബന്ധിച്ച്:

പ്രകൃതിക്ഷോഭം/മറ്റ് അടിയന്തിര സാഹചര്യങ്ങൾ തുടങ്ങിയ സന്ദർഭങ്ങളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ജില്ലാ കളക്ടർമാർ പ്രാദേശികാവധി നൽകി വരുന്നുണ്ട്. ഈ അവധി ദിവസങ്ങളിൽ വിദ്യാർത്ഥികൾ വിദ്യാലയങ്ങളിൽ വരാതിരിയ്ക്കുകയും അധ്യാപകർ വിദ്യാലയങ്ങളിൽ വന്ന് അധ്യാപന പ്രവർത്തികളിലൊന്നും ഏർപ്പെടാത്ത അവസ്ഥയുമാണ് ഇപ്പോഴുള്ളത്. അതിനാൽ സാദ്ധ്യായ ദിവസങ്ങൾ നഷ്ടപ്പെടാതിരിക്കുന്നതിന് വേണ്ടി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൻ കീഴിലുള്ള ഗവൺമെന്റ് / എയിഡഡ് പോളിടെക്നിക്കുകൾ, ടെക്നിക്കൽ ഹൈസ്ക്കൂളുകൾ, കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട്, ജി.ഐ.എഫ്.ഡി എന്നീ സ്ഥാപനങ്ങളിലെ അധ്യാപകർ, ജില്ലാ കളക്ടർ പ്രാദേശികാവധി പ്രഖ്യാപിയ്ക്കുന്ന ദിവസങ്ങളിൽ ഹാജർ ആകേണ്ടതില്ലെന്നും പകരം അവധി കഴിഞ്ഞു വരുന്ന ശനിയാഴ്ച പ്രവൃത്തി ദിവസമാക്കണമെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു. ഇത്തരത്തിൽ അധ്യാപകർക്ക് അവധി നൽകിയിട്ടുള്ളതും പകരം ശനിയാഴ്ചകൾ പ്രവൃത്തി ദിവസമാക്കിയിട്ടുള്ളതും അധ്യാപകരുടെ ഹാജർ പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

ഡോ.ജെ.ലത
ഡയറക്ടർ

പകർപ്പ്:-
എല്ലാ സ്ഥാപന മേധാവികൾക്കും

SA